(ബി) ഉണ്ട്.

(സി) അശോകപുരം-മഹിളാലയം വരെയുള്ള റീച്ച് ആലുവാ-മൂന്നാർ, ആലുവാ-പെരുമ്പാവൂർ എന്നീ രണ്ട് പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനാലും ഈ റീച്ചിൽ പാലങ്ങൾ വരുന്നതിനാൽ പണി നടത്തുവാൻ ഏറ്റവും കൂടുതൽ സമയം വേണ്ടിവരുന്നതിനാലും ഈ റീച്ചിലെ പണി തീർന്നാൽ ദേശീയപാത 47-ലെ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ ഈ റോഡിലൂടെ ഗതാഗതം തിരിച്ചുവിടാൻ കഴിയുമെന്നതിനാലുമാണ് ഈ റീച്ചിന് മുൻഗണന നൽകിയത്.

ഇരിക്കൂറിലെ പ്രധാന റോഡുകൾ മരാമത്തിന്റെ എം.ഡി.ആർ. പദ്ധതിയിൽ ആക്കണമെന്ന ആവശ്യം

64 (1312) ശ്രീ. കെ. സി ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകൾ പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് 15789/സി1/98 നമ്പർ ഫയൽ പ്രകാരം 21-7-1998-ൽ സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിൽ മൊത്തം ഇപ്പോൾ എത്ര കിലോമീറ്റർ റോഡ് എം.ഡി.ആർ. പദ്ധതിയിൽ ഉണ്ട് എന്ന് പറയുമോ ;

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡ് ഇപ്പോൾ എം.ഡി.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകൾ പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ ഇപ്പോൾ ആകെ 1012.976 കിലോ മീറ്റർ റോഡ് പ്രധാന ജില്ലാ റോഡ് പദ്ധതിയിൽ ഉണ്ട്.

(സി) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 33.2 കിലോമീറ്റർ റോഡ് പ്രധാന ജില്ലാ റോഡ് പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ട്.

പയ്യാവൂർ-കുന്നത്തൂർപാടി കാഞ്ഞിരക്കൊല്ലി റോഡിന്റെ അറ്റകുറ്റപണി

65 (1313) ശ്രീ. കെ. സി.ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേജർ ഡിസ്ട്രിക്ട് റോഡായി പ്രഖ്യാപിച്ച പയ്യാവൂർ-കുന്നത്തൂർപാടി കാഞ്ഞിരകൊല്ലി റോഡിന്റെ അവസാനത്തെ റീച്ചിന്റെ മെറ്റലിംഗും ടാറിംഗും പണിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) ടാറിംഗ് നടത്തുവാൻ അവശേഷിക്കുന്ന 4.2 കിലോമീറ്റർ ഭാഗം കൂടി ടാറിംഗ് പണി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly